(Pages : 4) **N – 3856**

**Reg. No. : .............................**

**Name : ..................................**

## First Semester B.A. Degree Examination, June 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Complementary Course I

## ML 1131.1 : കേരളസംസ്കാരം - ഭാഗം I

## (2020 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ഏതെങ്കിലും ഒരു സംഘകാല കൃതികളുടെ പേരെഴുതുക.

2. ശങ്കരാചാര്യർ നടത്തിയ പ്രഖ്യാതമായ യാത്ര ഏതാണ് ?

3. പ്രാചീനകാലത്തെ ശവസംസ്കാരരീതിയുടെ പേര്.

4. ക്രൈസ്തവമതം കേരളത്തിലെത്തിച്ച ക്രിസ്തുശിഷ്യൻ ആര് ?

5. ആയുർവേദത്തിന്റെ അടിസ്ഥാനഗ്രന്ഥം ഏത് ?

6. കേരളീയരുടെ തനതായ ആയോധനകല ഏത് ?

7. ആഴ്വാൻമാർ ഏത് മതവിശ്വാസികളാണ് ?

8. പന്ത്രണ്ടു വർഷത്തിലൊരിക്കൽ തിരുനാവായയിൽ നടന്നിരുന്ന മഹോത്സവം ഏത് ?

P.T.O.

9. കടവല്ലൂർ ക്ഷേത്രത്തിൽ നടന്നിരുന്ന മത്സരപരീക്ഷ ഏതാണ് ?

10. വിശ്വാസവുമായി ബന്ധപ്പെട്ട കലകൾ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. കുലശേഖര ആഴ്‌വാരുടെ സംഭാവനകൾ പരിചയപ്പെടുത്തുക.

12. മൂഷകവംശം കാവ്യത്തെക്കുറിച്ച് പ്രതിപാദിക്കുക.

13. രേവതീപട്ടത്താനം എന്നാൽ എന്ത്?

14. കേരളത്തിലെ പ്രാചീന തുറമുഖങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

15. തൊപ്പിക്കല്ലുകൾ എന്നാൽ എന്തെന്ന് വ്യക്തമാക്കുക.

16. എന്താണ് ഉച്ചസംസ്കാരം?

17. കേരളത്തിലെ മലമ്പാതകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

18. കുറിപ്പെഴുതുക - കൊറ്റവേ.

19. കേരളോൽപത്തിയുമായി ബന്ധപ്പെട്ട ഐതിഹ്യമേത്?

20. നാണയങ്ങൾ കേരളചരിത്രരചനയെ സഹായിക്കുന്നതെങ്ങനെ?

21. കുറിപ്പെഴുതുക - കൊല്ലവർഷം.

22. എന്താണ് സംസ്കാരം? പരിചയപ്പെടുത്തുക.

23. പ്രാചീന കല്ലറകളുടെ സാംസ്കാരികമൂല്യം വിലയിരുത്തുക.

24. കേരളത്തിൽ അച്ചടി പ്രചരിച്ചതെങ്ങനെ?

25. ചാവേറുകളെക്കുറിച്ച് കുറിപ്പെഴുതുക.

26. അനുഷ്ഠാനകലകളും മതവിശ്വാസങ്ങളും തമ്മിലുള്ള ബന്ധമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. കേരളത്തിന്റെ ഭൂമിശാസ്ത്രഘടനയുടെ സവിശേഷതകൾ വ്യക്തമാക്കുക.

28. വൈദികസംസ്കാരത്തിന്റെ പ്രത്യേകതകൾ - വിവരിക്കുക.

29. നദികൾ കേരളസംസ്കാരത്തിൽ ചെലുത്തിയ സ്വാധീനം വിലയിരുത്തുക.

30. ജൂതമതം കേരളസംസ്കാരത്തിന് നൽകിയ സംഭാവനകൾ എന്തൊക്കെയാണ്?

31. കേരളത്തിലെ വേദപഠനശാലകളെക്കുറിച്ച് വിലയിരുത്തുക.

32. കേരളത്തിലെ പ്രധാന കോട്ടകളെക്കുറിച്ച് വിവരിക്കുക.

33. ദേവദാസീ സമ്പ്രദായത്തിന്റെ ഉൽപത്തിക്ക് വഴിതെളിച്ച കാരണങ്ങൾ എന്തൊക്കെയാണ്?

34. നാടുവാഴിത്തസമ്പ്രദായത്തെക്കുറിച്ച് ലഘുവിവരണം എഴുതുക.

35. ഏതെങ്കിലും ഒരു അനുഷ്ഠാനകലയെ സൂക്ഷ്മമായി പരിചയപ്പെടുത്തുക.

36. കേരളത്തിലെ ജൈന ക്ഷേത്രങ്ങളെക്കുറിച്ച് ഒരു വിവരണം എഴുതുക.

37. ജാതിവ്യവസ്ഥക്കെതിരെ ശ്രീനാരായണഗുരു നടത്തിയ പോരാട്ടങ്ങൾ വിലയിരുത്തുക.

38. കോട്ടകളെയും സ്മാരകങ്ങളെയും കേരളചരിത്രരചനയ്ക്ക് എപ്രകാരം ഉപയുക്തമാക്കാം?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. കേരളത്തിൽ ആര്യാധിനിവേശത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ വിലയിരുത്തുക.

40. മഹാശിലാസംസ്കാരത്തെക്കുറിച്ച് ഉപന്യസിക്കുക.

41. ബുദ്ധ-ജൈന മതങ്ങൾ കേരളസംസ്കാരത്തിന് നൽകിയ സംഭാവനകൾ വിശദമാക്കുക.

42. സംഘകാലത്തെ കലാസാംസ്കാരികജീവിതത്തെക്കുറിച്ച് വിവരിക്കുക.

43. കേരള ചരിത്രരചനയ്ക്ക് ഉപയുക്തമായ ഉപാദാനസാമഗ്രികളെ പരിചയപ്പെടുത്തുക.

44. കേരളസംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഭൂപ്രകൃതി എത്രമാത്രം സഹായകമായെന്ന് വിലയിരുത്തുക.

**(2 × 15 = 30 Marks)**

---